(ഇ) കായിക അദ്ധ്യാപക തസ്തികയിൽ ഭാഷാദ്ധ്യാപകരെ നിയമിച്ചിട്ടില്ല എന്നതിനാൽ നിലവാര തകർച്ച ഉണ്ടായിട്ടില്ല.

(എഫ്) 2015-2016 - ലെ തസ്തിക നിർണ്ണയത്തിന് ശേഷം നടപടി സ്വീകരിക്കുന്നതാണ്.

ആർ.എം.എസ്.എ.പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾ

18 (2481) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതി പ്രകാരം എത്ര ഹൈസ്കൂളുകളാണ് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഈ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ആർ.എം. എസ്. എ. സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ ആനുപാതികമായി സ്ഥിരാദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ഇ) ആർ.എം. എസ്. എ. സ്കൂളുകളിൽ ഇനിയും അംഗീകാരം ലഭിക്കാത്ത എത്ര സ്കൂളുകൾ ഉണ്ട്, അവർക്ക് അംഗീകാരം കിട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രഡ് ചെയ്ത് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം 2011-12 മുതൽ 2014-15 വർഷം സ്കൂൾ ഗ്രാന്റ് ഇനത്തിൽ വിതരണം നടത്തിയ ടി തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു. എല്ലാ ആർ.എം.എസ്.എ. ഹൈസ്കൂളുകൾക്കും നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വർഷം	സ്കൂൾ ഗ്രാന്റ്
2011-12	50,000
2012-13	-
2013-14	50,000
2014-15	50,000

കാസർഗോഡ്, വയനാട്, പാലക്കാട്, ഇടുക്കി ജില്ലകൾ ഉൾപ്പെടുന്ന 60 സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ആർ.എം.എസ്.എ. 40 ലക്ഷം രൂപ അനുവദിക്കുകയും നിർമ്മാണ പ്രവർത്തന ചുമതല ജില്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റികളുടെ വിഹിതമായ സ്കൂൾ ഒന്നിന് 12 ലക്ഷം രൂപ ചേർത്ത് 7 ക്ലാസ്സ് മുറികളുള്ള കെട്ടിടനിർമ്മാണം പുരോഗമിച്ചുവരുന്നു. മറ്റ് 52 സ്കൂളുകളുടെ അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനുള്ള തുക ആർ.എം.എസ്.എ. എത്രയും വേഗം നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

(സി) എല്ലാ സ്കൂളുകളിലും നിയമനം നടത്താൻ സാധിച്ചിട്ടില്ല.

(ഡി) എം.എച്ച്.ആർ.ഡി.-മാനദണ്ഡമനുസരിച്ച് ഹെഡ്മാസ്റ്റർ-1, വിഷയാദ്ധ്യാപകർ-3 (1-കണക്ക്, 1-സയൻസ്, 1-സോഷ്യൽ സയൻസ്) ഭാഷാദ്ധ്യാപകർ-2 (ഹിന്ദി-1 മലയാളം-1) എന്നിവർക്കു മാത്രമാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. അതിലധികമായി ആവശ്യമുള്ള അദ്ധ്യാപകരെ കെ.ഇ.ആർ വ്യവസ്ഥകൾ പ്രകാരം തസ്തിക നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ നിയമിക്കുന്നത് വിദ്യാഭ്യാസ ഉപഡയറക്ടർ മാരാണ്.

(ഇ) എം.എച്ച്.ആർ.ഡി. യുടെ അംഗീകാരം ലഭിക്കാത്ത 30 സ്കൂളുകൾ ഉണ്ട്. ടി സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനായി മാനവ വിഭവശേഷി വകുപ്പുമായി കത്തിടപാടുകൾ നടന്നുവരുന്നു. എം.എച്ച്.ആർ.ഡി. യുടെ വാർഷിക അവലോകന യോഗത്തിലും ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എൽ.പി.എസ്.എ. തസ്തികയിലേയ്ക്കുള്ള എസ്.റ്റി. വിഭാഗക്കാരുടെ നിയമനം

19 (T2482) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ എൽ.പി.എസ്.എ. തസ്തികയിലേക്കുള്ള എസ്.റ്റി വിഭാഗക്കാരുടെ എൻ.സി.എ. ഒഴിവിൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് നിയമനം നൽകി ; അത് എന്നാണ് ;

(ബി) ഇല്ലെങ്കിൽ പി.എസ്.സി. അഡ്വൈസ് ചെയ്തിരുന്നോ ; എങ്കിൽ എത്ര പേരെ ; എന്നാണ് ശിപാർശ നൽകിയത് ;

(സി) നിയമനം നൽകിയില്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ ജനറൽ വിഭാഗത്തിനായി നീക്കിവച്ചിട്ടുണ്ടോ ; നിയമനം ലഭിക്കാത്തത് സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ പരാതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) നിയമനം നൽകാത്തതിന് വകുപ്പിന്റെ വിശദീകരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പി.എസ്.സി. മുഖാന്തിരം റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ട്. നിയമനം ആർക്കും നൽകിയിട്ടില്ല.

(ബി) അഡ്വൈസ് ചെയ്തിരുന്നു. 5 എസ്.റ്റി ഉദ്യോഗാർത്ഥികൾക്ക് 24-3-2014-ന് പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്.

(സി) ഒഴിവുകൾ ജനറൽ വിഭാഗത്തിനായി നീക്കിവച്ചിട്ടില്ല. നിയമനം ലഭിക്കാത്തതു സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ പരാതി നൽകിയിട്ടുണ്ട്. ഇതിനോടകം അഡ്വൈസ് നൽകപ്പെട്ടവർക്കായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ചു വരുന്നു.

(ഡി) 2014-15 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവുകൾ പ്രകാരം ജില്ലയിൽ 270 എൽ.പി.എസ്.എ. മാരുടെ തസ്തിക നഷ്ടപ്പെടുകയും ഇവർ തസ്തിക ലഭ്യമല്ലാതെ ജോലി ചെയ്യുകയുമാണ്. ആയതിനാലാണ് അഡ്വൈസ് ലഭിച്ചവർക്ക് നിയമനം നൽകുവാൻ സാധിക്കാത്തത്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു